Draft #1 of File 48515/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Apr-2023 10:49 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ (എയ്ഡഡ്) - 2023 -'24 അധ്യയന വർഷം മുതൽ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതിനു തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4529/AC A 1/2023/എം.ജി.യു                                    പ്രിയദർശിനി ഹിൽസ്,തീയതി: 28.04.2023

---

*പരാമർശം:*-1. 25.04.2023 തീയതിയിൽ വൈസ് ചാൻസലർ രജിസ്ട്രാർക്ക് നൽകിയ കുറിപ്പ്, നം. വി .സി /702/01/030/2023.

**ഉത്തരവ്**

അഫിലിയേറ്റഡ് എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലെ പ്രവേശനം, കോളേജുകളിൽ സ്വീകരിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുകയും സർവ്വകലാശാല CAP വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്ന റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കി കോളേജ് തലത്തിലാണ് നടത്തിവന്നിരുന്നത്. എന്നാൽ, ഇപ്രകാരം കോളേജ് തലത്തിൽ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലെ പ്രവേശനം നടത്തി വരുമ്പോൾ അപേക്ഷകർക്ക് മതിയായ അറിവ് ലഭിക്കാത്തതിനാൽ മുൻ വർഷങ്ങളിൽ മറ്റ് മെറിറ്റ് സീറ്റുകളേക്കാൾ കൂടുതൽ സീറ്റുകൾ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

കേരള സർവ്വകലാശാല 2016 മുതൽ തന്നെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം ഏകജാലക സംവിധാനത്തിലൂടെയാണ് നടത്തി വരുന്നത് എന്നതും ശ്രദ്ധേയമാണ്.

മേൽ സാഹചര്യത്തിൽ , കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം, നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് 2023 -'24 അക്കാദമിക വർഷം മുതൽ സർവ്വകലാശാലയുടെ ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതിനു വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം, അക്കാദമിക് കൗൺസിലിന്റെ അധികാരമുപയോഗിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / ഐ.റ്റി.സെൽ /യൂണിവേഴ്സിറ്റി വെബ് സൈറ്റ്

6.എസിസി I /എസിസി II/ ആക്ഷൺ ടേക്കൺ റിപ്പോർട്ട്

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 48515/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Apr-2023 10:49 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 48515/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Apr-2023 10:49 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം